# നെടുമ്പാശ്ശേരി വിമാനത്താവളം:
# ആധുനിക കായംകുളം കൊച്ചുണ്ണിമാർ

സ്വന്തം ലേഖകൻ

നെടുമ്പാശ്ശേരി വിമാനത്താവളം നിർമ്മിച്ചതിലെ അഴിമതികളെപ്പറ്റി മാത്രമല്ല അങ്ങനെയൊന്നിന്റെ സാംഗത്വത്തെപ്പറ്റിപ്പോലും സംശയം പ്രകടിപ്പിച്ച ഒരാളാണ് ഈ ലേഖകൻ. അന്ന് ആശങ്കകളെന്ന രൂപത്തിൽ ഉയർത്തിയിരുന്ന ഒട്ടുമിക്ക കാര്യങ്ങളും ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. അമ്പത്തൊന്നു ശതമാനം സർക്കാർ ഓഹരിയുള്ളതും പതിനായിരത്തോളം മലയാളികളുടെ സഹകരണത്തോടെ നിർമ്മിച്ചിട്ടുള്ളതുമായ ഇന്ത്യയിലെ ആദ്യത്തെ 'ജനകീയ' വിമാനത്താവളമാണിതെന്നു പറഞ്ഞാണ് അന്ന് അധികൃതർ എതിർപ്പുകളെ നേരിട്ടത്. എന്നാൽ ഈ വാദം ഇന്നാർക്കും ഉന്നയിക്കാനാവില്ല. കാരണം ഇത് ഇന്നൊരു സ്വകാര്യവിമാനത്താവളമാണ്. സ്വകാര്യവൽക്കരിക്കുന്നതിലൂടെ മാത്രമേ നാടിനു മോചനമുള്ളൂവെന്നുൽഘോഷിക്കുന്ന കേന്ദ്രസംസ്ഥാനസർക്കാരുകൾ ധൂർത്തപുത്രന്മാരെപ്പോലെ ജനങ്ങളുടെ സമ്പത്തുകൾ ഓരോന്നായി വിറ്റുമുടിക്കുകയാണ്. മോഡേൺ ഫുഡ്സും ബാൻകോയും വി.എസ്.എൻ.എല്ലും പോലെ വിമാനത്താവളവും 'പഴയ ഇരുമ്പി'ന്റെ വിലക്കാണ് വിറ്റത്.

വിമാനത്താവളത്തിനു വേണ്ടത് അഞ്ഞൂറേക്കറാണെന്നുപറഞ്ഞു തുടങ്ങി രണ്ടായിരത്തിൽപരം ഏക്കർ (ഇതിലുമേറെയെന്നും പറയുന്നു!) ഭൂമി ഏറ്റെടുത്തിട്ടുണ്ട്. റെയിലിന്റെ കിഴക്കുഭാഗത്തുള്ള വിമാനത്താവളത്തിന് റൺവേയും ടെർമിനലും പണിയാനെന്ന പേരിൽ പടിഞ്ഞാറുഭാഗത്ത് നാനൂറിലധികം ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ഇതെന്തിനുവേണ്ടിയാണെന്ന ചോദ്യത്തിന് 'പൊതു ഉപയോഗത്തിന് ' എന്ന സ്ഥിരം മറുപടിയാണ് അധികൃതർ നൽകിയിരുന്നത്. ഇതുകൂടാതെ വിമാനത്താവളത്തിന്റെ പല ഭാഗത്തായി ഒട്ടേറെ ഭൂമി ഏറ്റെടുത്തിട്ടുമുണ്ട്. (സ്ഥിരമായി താമസിക്കുന്നവരെ കുടിയൊഴിപ്പിച്ച് 'പുനരധിവാസ'ത്തിനു ഭൂമിയേറ്റെടുത്തുകൊണ്ട് കുപ്രസിദ്ധി നേടിയവരാണ് ഇവർ.) ഓരോ ഭൂമി വാങ്ങലിലും തങ്ങൾക്കും വിഹിതം കിട്ടുമെന്നതിനാൽ ഭൂമിയുടെ അളവുകൂട്ടുന്നതിൽ ഉദ്യോഗസ്ഥർക്കും സന്തോഷമുണ്ടായിരുന്നു. വിമാനത്താവളം സാമ്പത്തികമായി തകർച്ചയിലാണെന്ന വാർത്ത പരന്നപ്പോൾ അന്നത്തെ എം.ഡി.യുടെ വായിൽനിന്നുതന്നെ അതിനു പരിഹാരം പുറത്തുവന്നു. "ബാക്കി കിടക്കുന്ന ഭൂമി വിറ്റാൽ മാത്രം മതി എല്ലാ ബുദ്ധിമുട്ടുകളും മാറാൻ" എന്ന്. അതു സത്യമാണ്. വിമാനത്താവളത്തിനടുത്തായതിനാൽ സ്റ്റാർ ഹോട്ടലുകളും ബാറും മസാജ് പാർലറുകളും ഷോപ്പിങ് കോംപ്ലക്സും മറ്റും പണിയാൻ ഈ സ്ഥലം നൽകിയാൽ സെന്റിന് ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും കിട്ടും. (ഇന്ധനശേഖരണത്തിന് വേണ്ടി നൽകിയ സ്ഥലം സെന്റിന് അഞ്ചുലക്ഷമെന്നതായിരുന്നു നിരക്ക്.) ഈ നിലക്ക് നാനൂറേക്കർ വിറ്റാൽ കിട്ടുന്നത് നാനൂറുകോടി രൂപ. വിമാനത്താവളത്തിന്റെ മൊത്തം നിർമ്മാണചിലവ് മുന്നൂറുകോടി മാത്രം.

ഇപ്പോൾ സാമ്പത്തികപ്രതിസന്ധിയുടെ പേരിൽ വിമാനം സ്വകാര്യവൽക്കരിച്ചിരിക്കുന്നു. അപ്പോൾ ഇതേ സ്ഥലത്തിനു വിലയായിക്കണക്കാക്കുന്നത് അതിന്റെ 'വാങ്ങിയവില'യാണ്. സർക്കാരിന്റെ അധികാരവും പൊലീസിന്റെ കരുത്തും ഗുണ്ടാസംഘങ്ങളുടെ ഭീഷണിയും മാദ്ധ്യമഭീകരന്മാരുടെ പ്രചരണവും പ്രയോഗിച്ച് (അടിയന്തരാവസ്ഥയിലെ തുർക്കുമാൻ ഗേറ്റിനെപ്പോലും നാണിപ്പിക്കുന്നവിധം) സെന്റിന് മൂവ്വായിരം മുതൽ ആറായിരം വരെ 'പൊന്നുംവില' നൽകി ഏറ്റെടുത്ത സ്ഥലമാണിത്. ഇന്നിത് ഒരു കൂട്ടം സ്വകാര്യവ്യക്തികളുടെ കയ്യിൽ ലക്ഷക്കണക്കിനു രൂപ സെന്റിനു കിട്ടുന്ന ഭൂമിയായി മാറി. അടുത്ത ദിവസം പത്രങ്ങളുടെ ബിസിനസ് പേജിൽ ഒരു വാർത്തവന്നു. വിമാനത്താവളത്തിന്റെ ബാക്കി സ്ഥലം ടൂറിസം വികസനത്തിനായി നൽകാൻ തീരുമാനിച്ചിരിക്കുന്നു. അതിൽ അലങ്കാര മത്സ്യകൃഷിയാണ് പ്രധാനമായ ഒന്ന്. (ബാക്കിയൊക്കെ വഴിയേ !)

പ്രസിദ്ധമായ ഒരുമിത്തായിരുന്ന കായംകുളം കൊച്ചുണ്ണി കള്ളനായിരുന്നെങ്കിലും ധനികരെ കൊള്ളയടിച്ച് ദരിദ്രർക്കു വിതരണം ചെയ്യുന്ന ഇന്ത്യൻ (കേരളം) റോബിൻഹൂസാണ്. എന്നാൽ ഇന്നത്തെ കായംകുളം കൊച്ചുണ്ണിമാർക്ക് ഒരു ചെറിയ വ്യത്യാസം മാത്രമേയുള്ളൂ - അവർ ദരിദ്രരെ കുടിയൊഴിപ്പിച്ച് ധനികർക്കു സൗകര്യങ്ങൾ തീർക്കുന്നു.